(ബി) തൊടുപുഴ താലൂക്കിലുള്ള മണക്കാട് പഞ്ചായത്ത് രണ്ടായി വിഭജിക്കുവാനുള്ള നടപടി നടത്തുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പഞ്ചായത്തുകളുടെ പുനർവിഭജനം ആവശ്യപ്പെട്ടുകൊണ്ട് 36 പഞ്ചായത്തുകളിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ട്. നിവേദനങ്ങളെപ്പറ്റി ഡിപ്പാർട്ടുമെൻറുവഴി വേണ്ടതായ അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) മണക്കാട് പഞ്ചായത്തിനെ രണ്ടായി വിഭജിക്കണമെന്ന് ആവശ്യപ്പെടുന്ന നിവേദനം ലഭിച്ചാൽ അതെപ്പറ്റി ആലോചിക്കുന്നതാണ്.

പഞ്ചായത്ത് ആഫീസർമാർ.

*271. [14] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തെ ഏതു പഞ്ചായത്തുകളിൽ പഞ്ചായത്ത് ആഫീസറന്മാരെ നിയമിച്ചിട്ടുണ്ട്;

(ബി) ഈ സംസ്ഥാനത്തെ ഏതു പഞ്ചായത്തുകളിൽ ഒന്നാം ഗ്രേഡ് പഞ്ചായത്താഫീസറന്മാരെ നിയമിച്ചിട്ടുണ്ട്;

(സി) ഏതു പഞ്ചായത്തുകളിൽ രണ്ടാംഗ്രേഡ് പഞ്ചായത്താഫീസറന്മാരെ നിയമിച്ചിട്ടുണ്ട്;

(ഡി) പഞ്ചായത്താഫീസറന്മാർക്ക് പരിശീലനം നൽകുവാൻ ഒരു പഞ്ചായത്തുകാളേജ് തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ആകെ 548 പഞ്ചായത്താഫീസറന്മാരെ നിയമിക്കുവാൻ ഉത്തരവായി. പബ്ലിക് സർവ്വീസ് കമ്മീഷൻ 548 പേരെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ എളംകുളം പഞ്ചായത്ത് എറണാകുളം മുൻസിപ്പാലിറ്റിയോട് ചേർത്തുകൊണ്ട് ഇപ്പോൾ 547 പഞ്ചായത്തുകളേ നിലവിലുള്ളൂ. പഞ്ചായത്ത് ആഫീസറന്മാരായി തെരഞ്ഞെടുക്കപ്പെട്ടവരുടെ സ്വഭാവത്തേയും, മുൻ ചെയ്തികളെപ്പറ്റിയും, മറ്റും ഉള്ള റിപ്പോർട്ട് കിട്ടുവാനുള്ള താമസംകൊണ്ട് 70 പേരുടെ നിയമനം കഴിഞ്ഞിട്ടില്ല. ബാക്കി 477 പേരെ നിയമിച്ചുകഴിഞ്ഞു.

(ബി, സി) ചോദ്യം "എ"യുടെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ള 477 പേരിൽ 137 പേർ ഒന്നാംഗ്രേഡിലും, 340 പേർ രണ്ടാംഗ്രേഡിലും ആണ്.

(ഡി) ഒരു പഞ്ചായത്ത് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരത്ത് ആരംഭിച്ചിട്ടുണ്ട്.

യൂണിവേഴ്സിറ്റി ബില്ല്

*272. [15] ശ്രീ. പി. കെ. യശോധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) യൂണിവേഴ്സിറ്റി ബില്ല് ഈ നിയമസഭയിൽ കൊണ്ടുവരുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ കാരണം എന്തു് ;

(സി) പി. എസ്സ്. പി. ഗവണ്മെൻറിന്റെ കാലത്തു് ഇതിനാ വേണ്ടിയുള്ള നടപടി പൂർത്തിയാക്കി വച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ബില്ലിനെപ്പറ്റിയുള്ള പര്യാലോചന പൂർത്തിയാകാത്തതുകൊണ്ടു്.

(സി) നടപടി പൂർത്തിയായിരുന്നില്ല.

ഇൻഡ്യൻ പ്രസിഡൻറിന്റെ സന്ദർശനം.

* 273. [16] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി പറയുമോ ?

ഇൻഡ്യൻ പ്രസിഡൻറു് ഈ അടുത്ത കാലത്തു് സംസ്ഥാനം സന്ദർശിച്ച വകയിൽ ആകെ ഗവണ്മെൻറിനു് എന്തു തുക ചെലവായി ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഇൻഡ്യൻ പ്രസിഡൻറു് അടുത്തകാലത്തു് ഈ സംസ്ഥാനം സന്ദർശിച്ച വകയിൽ ഗവണ്മെൻറിനു് ചെലവായിട്ടുള്ള തുകയുടെ കണക്കുകൾ തിട്ടപ്പെടുത്തിക്കഴിഞ്ഞിട്ടില്ല.

വായനശാലകൾ.

* 274. [17] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിലെ എത്രയെല്ലാം പത്രങ്ങളും മാസികകളും പിന്നോക്കസമുദായ വായനശാലകളിൽ സപ്ലൈ ചെയ്യുന്നുണ്ടു് ;

(ബി) അതിൽ 1954–55-ലും 1955–56-ലും ആകെ എന്തു തുക ചെലവായി ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) പിന്നോക്കസമുദായവായനശാലകളിൽ സപ്ലൈ ചെയ്യുന്നതിനു് അനുവദിച്ചിട്ടുള്ള പത്രങ്ങളുടെയും ആഴ്ചപ്പതിപ്പുകളുടെയും മാസികകളുടെയും പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു. †അവയിൽ ഏതെങ്കിലും ഓരോന്നു് അതാതു സ്ഥലത്തെ ആളുകളുടെ ഇഷ്ടം അനുസരിച്ചു് സപ്ലൈ ചെയ്തു വരുന്നു.

(ബി) അതിൽ 1954–55-ലും 1955–56-ലും ആകെ 3131 രൂ. 9 ണ. യും ചെലവായി.

†Please see Appendix III.

LIBRARY ARCHIVES Kerala Legislative Assembly